**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4553** **19-07-2022 - ൽ മറുപടിയ്ക്ക്**

**ജലവിഭവ വിവര സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലവിഭവ വിവര സംവിധാനം ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായി വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | **ഉണ്ട്. കേരള സംസ്ഥാനത്തിൽ 2018, 2019 വർഷങ്ങളിൽ കാലാവസ്ഥാ വ്യതിയാനത്തോടനുബന്ധിച്ച് അതിഭീകരമായ വെള്ളപ്പൊക്കം നേരിടേണ്ടി വന്ന പശ്ചാത്തലത്തിൽ, ഇത്തരം ദുരന്തങ്ങളെ കാര്യക്ഷമമായി നേരിടുന്നതിനും, ഇത്തരം സാഹചര്യങ്ങളെ ഫലപ്രദമായി തരണം ചെയ്യുന്നതിനും, അതിനു വേണ്ട പ്രവർത്തനങ്ങൾ ഉചിതമായി ഏകോപിപ്പിക്കുന്നതിനും ശാസ്ത്രീയമായ സാങ്കേതിക വിദ്യയിലൂടെ ജലവിഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും അനുയോജ്യമായ സമഗ്രമായ ഒരു വെബ് എനേബ്ൾഡ് പ്ലാറ്റ്ഫോം ആയാണ് 'കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം Kerala Water Resources Information System (K-WRIS) വിഭാവനം ചെയ്തിരിക്കുന്നത്. ഈ സംവിധാനത്തിലെ ഓരോ മോഡ്യൂളുകളും ഇതര വകുപ്പുകളിൽ നിന്നും നാളിതു വരെ ലഭിച്ചിട്ടുള്ള ഡാറ്റാ ഉൾപ്പെടുത്തിയാണ് വികസിപ്പിച്ചിട്ടുള്ളത്.**<br><br>**K-WRIS-ൽ ജലലഭ്യത, ജലത്തിന്റെ ആവശ്യകത മുതലായവ സമഗ്രമായി പരിശോധിച്ച് ജലവിഭവ മാനേജ്മെന്റ് നടപ്പിലാക്കുന്നതിനായി വാട്ടർ ബഡ്ജറ്റ്, വാട്ടർ ഓഡിറ്റ് മുതലായ മോഡ്യൂളുകളുടെ സോഫ്റ്റ് വെയറിന്റെ വികസനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും മറ്റ് വകുപ്പുകളുടെ പല ഡാറ്റകളും ഇനിയും ലഭ്യമാകേണ്ടതുണ്ട്. ഈ ഡാറ്റാ മറ്റുള്ള വകുപ്പുകളുമായി സഹകരിച്ച് ലഭ്യമാക്കി, പൈലറ്റ് അടിസ്ഥാനത്തിൽ ചില പഞ്ചായത്തുകളിൽ ഇവ ഫീൽഡ് ഡാറ്റയുമായി താരതമ്യം ചെയ്ത് അവയുടെ പ്രയോജനക്ഷമതയും ഉപയോഗക്ഷമതയും** |

| | | | |
|---|---|---|---|
| | | | **ഉറപ്പാക്കിയതിന് ശേഷം മാത്രമേ മറ്റ് പഞ്ചായത്തുകൾക്കും അതു പോലെ തന്നെ സമഗ്രമായ ജലവിഭവമാനേജ്മെന്റിനും പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂ.** |
| (ബി) | കേരള ജലവിഭവ വിവര സംവിധാനം എന്ന പേരിൽ ഒരു വെബ് എനേബിൾഡ് പ്ലാറ്റ്ഫോം നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | **ഉണ്ട്. കേരള സംസ്ഥാനത്തിൽ 2018, 2019 വർഷങ്ങളിൽ കാലാവസ്ഥാ വ്യതിയാനത്തോടനുബന്ധിച്ച് അതിഭീകരമായ വെള്ളപ്പൊക്കം നേരിടേണ്ടി വന്ന പശ്ചാത്തലത്തിൽ, ഇത്തരം ദുരന്തങ്ങളെ കാര്യക്ഷമമായി നേരിടുന്നതിനും, ഇത്തരം സാഹചര്യങ്ങളെ ഫലപ്രദമായി തരണം ചെയ്യുന്നതിനും, അതിനു വേണ്ട പ്രവർത്തനങ്ങൾ ഉചിതമായി ഏകോപിപ്പിക്കുന്നതിനും ശാസ്ത്രീയമായ സാങ്കേതിക വിദ്യയിലൂടെ ജലവിഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും അനുയോജ്യമായ സമഗ്രമായ ഒരു വെബ് എനേബ്ൾഡ് പ്ലാറ്റ്ഫോം ആയാണ് 'കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം Kerala Water Resources Information System (K-WRIS) വിഭാവനം ചെയ്തിരിക്കുന്നത്. ഈ സംവിധാനത്തിലെ ഓരോ മോഡ്യൂളുകളും ഇതര വകുപ്പുകളിൽ നിന്നും നാളിതു വരെ ലഭിച്ചിട്ടുള്ള ഡാറ്റാ ഉൾപ്പെടുത്തിയാണ് വികസിപ്പിച്ചിട്ടുള്ളത്.**<br><br>**K-WRIS-ൽ ജലലഭ്യത, ജലത്തിന്റെ ആവശ്യകത മുതലായവ സമഗ്രമായി പരിശോധിച്ച് ജലവിഭവ മാനേജ്മെന്റ് നടപ്പിലാക്കുന്നതിനായി വാട്ടർ ബഡ്ജറ്റ്, വാട്ടർ ഓഡിറ്റ് മുതലായ മോഡ്യൂളുകളുടെ സോഫ്റ്റ് വെയറിന്റെ വികസനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും മറ്റ് വകുപ്പുകളുടെ പല ഡാറ്റകളും ഇനിയും ലഭ്യമാകേണ്ടതുണ്ട്. ഈ ഡാറ്റാ മറ്റുള്ള വകുപ്പുകളുമായി സഹകരിച്ച് ലഭ്യമാക്കി, പൈലറ്റ് അടിസ്ഥാനത്തിൽ ചില പഞ്ചായത്തുകളിൽ ഇവ ഫീൽഡ് ഡാറ്റയുമായി താരതമ്യം ചെയ്ത് അവയുടെ പ്രയോജനക്ഷമതയും ഉപയോഗക്ഷമതയും ഉറപ്പാക്കിയതിന് ശേഷം മാത്രമേ മറ്റ് പഞ്ചായത്തുകൾക്കും അതു പോലെ തന്നെ സമഗ്രമായ ജലവിഭവമാനേജ്മെന്റിനും പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂ.** |
| (സി) | പ്രസ്തുത സംവിധാനത്തിന്റെ സഹായത്തോടെ ജല ലഭ്യത, ജലത്തിന്റെ ആവശ്യകത എന്നിവ സമഗ്രമായി പരിശോധിച്ച് വാട്ടർ ബജറ്റിംഗ് ഉൾപ്പെടെയുള്ള ജലവിഭവ മാനേജ്മെൻറ് നടപ്പിലാക്കുന്നതിന് കഴിയുമോ എന്ന് വ്യക്തമാക്കുമോ; | (സി) | **ഉണ്ട്. കേരള സംസ്ഥാനത്തിൽ 2018, 2019 വർഷങ്ങളിൽ കാലാവസ്ഥാ വ്യതിയാനത്തോടനുബന്ധിച്ച് അതിഭീകരമായ വെള്ളപ്പൊക്കം നേരിടേണ്ടി വന്ന പശ്ചാത്തലത്തിൽ, ഇത്തരം ദുരന്തങ്ങളെ കാര്യക്ഷമമായി നേരിടുന്നതിനും, ഇത്തരം സാഹചര്യങ്ങളെ** |

| | | | |
|---|---|---|---|
| | | | **ഫലപ്രദമായി തരണം ചെയ്യുന്നതിനും, അതിനു വേണ്ട പ്രവർത്തനങ്ങൾ ഉചിതമായി ഏകോപിപ്പിക്കുന്നതിനും ശാസ്ത്രീയമായ സാങ്കേതിക വിദ്യയിലൂടെ ജലവിഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും അനുയോജ്യമായ സമഗ്രമായ ഒരു വെബ് എനേബ്ൾഡ് പ്ലാറ്റ്ഫോം ആയാണ് 'കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം Kerala Water Resources Information System (K-WRIS) വിഭാവനം ചെയ്തിരിക്കുന്നത്. ഈ സംവിധാനത്തിലെ ഓരോ മോഡ്യൂളുകളും ഇതര വകുപ്പുകളിൽ നിന്നും നാളിതു വരെ ലഭിച്ചിട്ടുള്ള ഡാറ്റാ ഉൾപ്പെടുത്തിയാണ് വികസിപ്പിച്ചിട്ടുള്ളത്.**<br><br>**K-WRIS-ൽ ജലലഭ്യത, ജലത്തിന്റെ ആവശ്യകത മുതലായവ സമഗ്രമായി പരിശോധിച്ച് ജലവിഭവ മാനേജ്മെന്റ് നടപ്പിലാക്കുന്നതിനായി വാട്ടർ ബഡ്ജറ്റ്, വാട്ടർ ഓഡിറ്റ് മുതലായ മോഡ്യൂളുകളുടെ സോഫ്റ്റ് വെയറിന്റെ വികസനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും മറ്റ് വകുപ്പുകളുടെ പല ഡാറ്റകളും ഇനിയും ലഭ്യമാകേണ്ടതുണ്ട്. ഈ ഡാറ്റാ മറ്റുള്ള വകുപ്പുകളുമായി സഹകരിച്ച് ലഭ്യമാക്കി, പൈലറ്റ് അടിസ്ഥാനത്തിൽ ചില പഞ്ചായത്തുകളിൽ ഇവ ഫീൽഡ് ഡാറ്റയുമായി താരതമ്യം ചെയ്ത് അവയുടെ പ്രയോജനക്ഷമതയും ഉപയോഗക്ഷമതയും ഉറപ്പാക്കിയതിന് ശേഷം മാത്രമേ മറ്റ് പഞ്ചായത്തുകൾക്കും അതു പോലെ തന്നെ സമഗ്രമായ ജലവിഭവമാനേജ്മെന്റിനും പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂ.** |
| (ഡി) | വെള്ളപ്പൊക്ക പ്രവചനവും മുന്നറിയിപ്പും ഉൾപ്പെടെയുള്ള ജലവിഭവ തൽസ്ഥിതി പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഇതിന്റെ ഭാഗമായി ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | 2018-ലും 2019-ലും കേരളം അഭിമുഖീകരിച്ച അതിതീവ്ര വെള്ളപ്പൊക്കത്തിൽ നിന്നുമുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, ഈ വർഷങ്ങളിൽ ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട നദീതടമായ പെരിയാറിന്റെ വെള്ളപ്പൊക്ക പ്രവചന മുന്നറിയിപ്പ് സംവിധാനം നടപ്പിലാക്കുവാനായുള്ള പദ്ധതി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന് കീഴിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഈ നദീതടത്തിലെ റിസർവോയറുകളുടെ തത്സമയ പ്രവർത്തനം ഏകോപിപ്പിച്ചു കൊണ്ടാണ് ഈ വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം ആവിഷ്കരിച്ചിരിക്കുന്നത്. 2022 സെപ്റ്റംബർ മാസത്തിൽ ഈ പദ്ധതിയുടെ മോഡൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. തുടർന്ന് രണ്ട് മഴക്കാലങ്ങളിലെങ്കിലും ഈ മോഡൽ പ്രവർത്തിപ്പിച്ചുകൊണ്ട് ഫോർകാസ്റ്റും യഥാർത്ഥ |

| | | | |
|---|---|---|---|
| | | | ജലത്തിന്റെ ഒഴുക്കുമായി താരതമ്യപ്പെടുത്തി കാലിബ്രേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ